പ്രതികരണം

● അബൂ സുറയ്യ

# ഗനൂശി പറഞ്ഞതും അവർക്ക് മനസ്സിലാവാത്തതും

‘മൗദൂദിയുടെ തീവ്രവാദപരമായ മതരാഷ്ട്രവാദ ചിന്താധാര അനിസ്‌ലാമികവും പിന്തിരിപ്പനുമാണെന്ന ഖറദാവിയുടെ വിലയിരുത്തൽ’ മുഖവിലക്കെടുക്കാൻ ജമാഅത്തുകാർ തയാറാകുമോ എന്ന *ശബാബ്* വാരികയുടെ ചോദ്യം സ്വന്തം അജ്ഞത മാത്രമേ വെളിപ്പെടുത്തുന്നുള്ളൂ. മൗദൂദിയെക്കുറിച്ച ഖറദാവിയുടെയോ ഗനൂശിയുടെയോ പ്രസ്താവനകൾ വളച്ചൊടിച്ചുകൊണ്ടല്ലാതെ അത്തരം ഒരു നിഗമനത്തിലെത്തുക സാധ്യമല്ല. യഥാർഥത്തിൽ, മൗദൂദിയുടെ ചിന്തകളെ പിന്താങ്ങുകയും അദ്ദേഹത്തിന്റെ എതിരാളികളുടെ അറിവുകേടിനെ പരിഹസിക്കുകയുമാണ് മേൽപറഞ്ഞ പണ്ഡിതന്മാർ ചെയ്യുന്നത്.

**‘ഓരോ** പത്തു വർഷങ്ങളുടെ ഇടവേളകളിലും ജമാഅത്തുകാരുടെ നേതാക്കളും ജമാഅത്തുകാർക്ക് സ്വീകാര്യരോ ബഹുമാന്യരോ ലോക ഇസ്‌ലാമിക ചിന്തകരോ ആയവരും മൗദൂദിയേയും അദ്ദേഹത്തിന്റെ ചിന്താധാരകളെയും തള്ളിപ്പറഞ്ഞുകൊണ്ടിരിക്കുന്ന കാഴ്ച കൗതുകകരമാണ്,’ *ശബാബ്* വാരിക (2008 മാർച്ച് 7) പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിന്റെ ആദ്യ വാചകമാണിത്. പരേതനായ ടി. മുഹമ്മദ് സാഹിബ് മുതൽ യൂസുഫുൽ ഖറദാവി, റാശിദുൽ ഗനൂശി തുടങ്ങിയവരെല്ലാം മൗദൂദിയുടെ അടിസ്ഥാന സിദ്ധാന്തങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ടിരിക്കുന്നുവെന്ന് വാദിച്ചുകൊണ്ടാണ് മേൽപറഞ്ഞ വാചകം മുഖവുരയായി ചേർത്തിരിക്കുന്നത്. ഇതുപോലെയുള്ള വാദങ്ങൾ മുജാഹിദ് വൃത്തങ്ങളിൽനിന്ന് ഇടക്കിടെ ആവർത്തിച്ചുകൊണ്ടിരിക്കുന്നതിനാൽ ഇവർക്കെന്തോ ഗുരുതരമായ തെറ്റുധാരണയുണ്ടെന്ന് തോന്നിപ്പോകുന്നു. അതുകൊണ്ടാണ് ചില വസ്തുതകൾ ഇവിടെ വിശദീകരിക്കേണ്ടി വരുന്നത്.

ജമാഅത്തെ ഇസ്‌ലാമിയും മുജാഹിദുകളും തമ്മിലുള്ള തർക്കം, ജനാധിപത്യ പ്രക്രിയയെയും തെരഞ്ഞെടുപ്പു രാഷ്ട്രീയത്തെയും മുസ്‌ലിംകൾക്കനുകൂലമായി ഉപയോഗപ്പെടുത്താമോ എന്നതാണോ? അങ്ങനെ ചിലർ തെറ്റിദ്ധരിച്ചിട്ടുണ്ടെങ്കിൽ അത് ഭീമാബദ്ധമാണ്. ഇസ്‌ലാമിന് അതിന്റേതായ ഒരു രാഷ്ട്രീയ വ്യവസ്ഥയുണ്ടെന്നും മുസ്‌ലിംകൾ അതിന്റെ വക്താക്കളും പ്രയോക്താക്കളുമാവാൻ ബാധ്യസ്ഥരാണെന്നും അവർ സ്വീകരിക്കുന്ന ഏത് രാഷ്ട്രീയ നിലപാടും ഈ അടിസ്ഥാനത്തിൽനിന്നുകൊണ്ടായിരിക്കണമെന്നും ജമാഅത്തെ ഇസ്‌ലാമി വിശ്വസിക്കുന്നു. അല്ലാഹുവിന്റെ ‘ഹാകിമിയ്യത്താ’ണ് അതിന്റെ അടിസ്ഥാനം. നിയമനിർമാണാധികാരം മൗലികമായി അല്ലാഹുവിന് മാത്രമാണ്. ഈ അടിത്തറയിൽ രാഷ്ട്രീയ വ്യവസ്ഥ കെട്ടിപ്പടുത്തെങ്കിലേ അത് ഇസ്‌ലാമികമാകൂ. ഇത് തൗഹീദിന്റെ അവിഭാജ്യ ഘടകമാണ്. ഇസ്‌ലാമിന്റെ ഈ മൗലികത സമൂഹത്തിൽ പ്രബോധനം ചെയ്യുകയും, അവരെ ദൈവിക സരണിയിലേക്ക് ക്ഷണിക്കുകയുമാണ് മുസ്‌ലിംകളുടെ കർത്തവ്യം. രാഷ്ട്രീയ നിലപാടുകൾ സ്വീകരിക്കുമ്പോൾ ഇതിന് വിരുദ്ധമായ നയം സ്വീകരിക്കാൻ മുസ്‌ലിംകൾക്കനുവാദമില്ല; ഇതത്രെ ജമാഅത്തെ ഇസ്‌ലാമിയുടെ വീക്ഷണം. അതേയവസരത്തിൽ മുജാഹിദുകളുടെ വാദം, ഇസ്‌ലാമിന് ഇത്തരം ഒരു രാഷ്ട്രീയ വ്യവസ്ഥയേയില്ല എന്നതാണ്. ദീൻകാര്യം അല്ലാഹുവിനും ദുൻയാകാര്യം മനുഷ്യർക്കും. അവർക്ക് ഇഷ്ടമുള്ള രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിക്കാം; ഇഷ്ടമുള്ള രാഷ്ട്രീയ നിയമങ്ങൾ നടപ്പാക്കാം; അത് തൗഹീദിനോ ദീനിനോ വിരുദ്ധമല്ല. ‘നിങ്ങളുടെ ദുൻയാ കാര്യം നിങ്ങൾക്കാണ് കൂടുതലറിയുക’ എന്ന കൃഷിയെക്കുറിച്ച നബിവചനം, അസ്ഥാനത്ത് ഉദ്ധരിച്ച്, സ്വന്തം വിതണ്ഡവാദം ന്യായീകരിക്കാൻ അവർ ശ്രമിക്കുകയും ചെയ്യുന്നു.

ഇതാണ് യഥാർഥ തർക്കവിഷയം. അല്ലാതെ വോട്ടു ചെയ്യണമോ, ഉദ്യോഗം വഹിക്കണമോ, തെരഞ്ഞെടുപ്പിൽ പങ്കെടുക്കണമോ എന്നതല്ല. മേൽപറഞ്ഞ അടിസ്ഥാനം അംഗീകരിച്ചുകൊണ്ട് അതിന് സഹായകമായ വോട്ടുചെയ്യലും തെരഞ്ഞെടുപ്പിലെ പങ്കാളിത്തവും ഉദ്യോഗവുമാണോ വേണ്ടത്, അതല്ല മറ്റൊന്നും നോക്കാതെ യഥേഷ്ടം ഈ മേഖലകളിൽ നിലപാടുകൾ സ്വീകരിക്കാമോ എന്നതാണ് പ്രശ്നത്തിന്റെ മർമം. മുജാഹിദുകളുടെ അജണ്ടയിൽ ഇത്തരം കാര്യങ്ങളെല്ലാം ദീനിന് പുറത്താണ്. ആ മേഖലയെ കുറിച്ച പരാമർശമോ അത്തരം വിഷയങ്ങളിൽ അഭിപ്രായ പ്രകടനമോ ദീനിൽ പെട്ടതല്ല എന്നതാണവരുടെ നയം. ‘ദൈവത്തിനുള്ളത് ദൈവത്തിനും സീസർക്കുള്ളത് സീസർക്കും’ അവർ വേർതിരിച്ചിരിക്കുന്നു.

ഇവിടെയാണ് റാശിദുൽ ഗനൂശിയും യൂസുഫുൽ ഖറദാവിയും മൗലാനാ മൗദൂദിയും ഒന്നാകുന്നത്. അല്ലാഹുവിന്റെ ഹാകിമിയ്യത്തിനെക്കുറിച്ചോ ഇസ്‌ലാമിന്റെ രാഷ്ട്രീയ വ്യവസ്ഥയെക്കുറിച്ചോ അവർക്കാർക്കും അഭിപ്രായ വ്യത്യാസമി

ല്ല. ‘മൗദൂദിയുടെ തീവ്രവാദപരമായ മതരാഷ്ട്രവാദ ചിന്താധാര അനിസ്‌ലാമികവും പിന്തിരിപ്പനുമാണെന്ന ഖറദാവിയുടെ വിലയിരുത്തൽ’ മുഖവിലക്കെടുക്കാൻ ജമാഅത്തുകാർ തയാറാകുമോ എന്ന *ശബാബി*ന്റെ ചോദ്യം സ്വന്തം അജ്ഞത മാത്രമേ വെളിപ്പെടുത്തുന്നുള്ളൂ. മൗദൂദിയെക്കുറിച്ച ഖറദാവിയുടെയോ ഗനൂശിയുടെയോ പ്രസ്താവനകൾ വളച്ചൊടിച്ചു കൊണ്ടല്ലാതെ അത്തരം ഒരു നിഗമനത്തിലെത്തുക സാധ്യമല്ല. യഥാർഥത്തിൽ, മൗദൂദിയുടെ ചിന്തകളെ പിന്താങ്ങുകയും അദ്ദേഹത്തിന്റെ എതിരാളികളുടെ അറിവുകേടിനെ പരിഹസിക്കുകയുമാണ് മേൽപറഞ്ഞ പണ്ഡിതന്മാർ ചെയ്യുന്നത്. യൂസുഫുൽ ഖറദാവി എഴുതി: ‘അല്ലാഹുവിന് മാത്രമാണ് നിയമനിർമാണാധികാരം (ഹാകിമിയ്യത്ത്) എന്നത് സർവാംഗീകൃതമായ അടിസ്ഥാനമാണ്. ഖുർആന്റെ വ്യക്തമായ പ്രമാണങ്ങളിലൂടെ സ്ഥാപിതമാണത്. തൗഹീദിന്റെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണത്. സൂറത്തുൽ *അൻആമിൽ* അത് പ്രതിപാദിച്ചിരിക്കുന്നു. അല്ലാഹുവിനെ കൂടാതെ മറ്റാരെയും റബ്ബാക്കരുത്. അവനെയല്ലാതെ മറ്റാരെയും രക്ഷാകർത്താവാക്കരുത്. വിധികർത്താവാക്കരുത് (*അൽഅൻആം*: 114). അതിനാൽ ഉസ്വൂലുൽ ഫിഖ്ഹിന്റെ ചർച്ചകളിൽ ‘ഹുക്മി’(നിയമം)നെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഉസ്വൂലികൾ ഏകോപിച്ചു പറയുന്നു, ‘നിയമദാതാവ് അല്ലാഹു മാത്രമാണ്’ എന്ന്. സുന്നികൾക്കോ മുഅ്തസിലുകൾക്കോ അതിൽ അഭിപ്രായ വ്യത്യാസമില്ല. എന്നാൽ സമകാലീനരായ ചില വിവരദോഷികൾ ‘ഹാകിമിയ്യത്ത്’ സിദ്ധാന്തം അബുൽ അഅ്‌ലാ മൗദൂദിയുടെയും സയ്യിദ് ഖുത്ബിന്റെയും കണ്ടുപിടുത്തമാണെന്ന് ഒട്ടും ആലോചിക്കാതെ പറയുന്നത് അവരുടെ അറിവുകേടുകൊണ്ടുമാത്രമാണ്. അടിസ്ഥാന പ്രമാണങ്ങളിൽനിന്ന് വിഷയം പഠിക്കാത്തതുകൊണ്ടാണിത് സംഭവിക്കുന്നത്’, (*കൈഫ നതആമലു മഅൽ ഖുർആൻ* പേ: 297, 298). എങ്ങനെയാണ് മൗദൂദിയുടെ ചിന്താധാരകളെ ഖർദാവി ‘തകർത്തെറിഞ്ഞ’തെന്ന് മുകളിലെ ഉദ്ധരണിയിൽനിന്ന് വ്യക്തമല്ലേ?

മേൽപറഞ്ഞ അടിസ്ഥാന തത്ത്വം അംഗീകരിച്ചുകഴിഞ്ഞാൽ പിന്നെ, തെരഞ്ഞെടുപ്പിൽ പങ്കെടുക്കണമോ രാഷ്ട്രീയ പ്രക്രിയയിൽ പങ്കാളിത്തം വഹിക്കണമോ എന്നത് സമയത്തിന്റെ പ്രശ്നമാണ്. ഒരു സംഘടനയെക്കുറിച്ച് അതിന്റെ ശക്തിയും സാധ്യതകളും സജീവ രാഷ്ട്രീയത്തിൽ വിനിയോഗിക്കാൻ സമയമായോ എന്നത് അവരാണ് തീരുമാനിക്കേണ്ടത്. സ്വന്തം ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ തദ്വിഷയകമായ പൊതു ഉപദേശങ്ങളാണ് ഗനൂശിയും ഖറദാവിയും നൽകുന്നത്. മൗലാനാ മൗദൂദി പോലും അരനൂറ്റാണ്ടു മുമ്പ് ഇത്തരം ഉപദേശങ്ങൾ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ചില നേതാക്കൾക്ക് നൽകിയിട്ടുണ്ട്. അവയുടെ സ്പിരിറ്റ് ഉൾക്കൊണ്ടു കൊണ്ടു തന്നെയാണ് ജമാഅത്ത് അതിന്റെ നയനിലപാടുകൾ തുടർന്നു കൊണ്ടിരിക്കുന്നത്. എന്നാൽ, ജനാധിപത്യ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ അവർ നിർദേശിക്കുന്നത്, ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ലക്ഷ്യമിടുന്ന ‘ഇസ്‌ലാമിക രാഷ്ട്രീയ വ്യവസ്ഥ’ എന്ന മൗലിക ലക്ഷ്യത്തിലേക്ക് എത്താനുള്ള മാർഗം എന്ന നിലക്കാണ്. ഇത്തരം ഒരു ലക്ഷ്യം തന്നെയില്ലാത്ത മുജാഹിദുകൾ അത് കേട്ടു ഹരം കൊള്ളുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല.

‘മൗദൂദിയുടെ വ്യതിയാന ചിന്തകൾ ന്യായീകരിക്കുന്നതും പ്രചരിപ്പിക്കുന്നതും നിർത്തിവെക്കാനും രാഷ്ട്രീയ പ്രസ്ഥാനവുമായി സഹകരിക്കുന്നതിന്റെ പേരിൽ മുസ്‌ലിംകളുടെ മേൽ രാഷ്ട്രീയ ശിർക്കാരോപണം നടത്തുന്ന പ്രവണത അവസാനിപ്പിക്കാനും ജമാഅത്തു നേതാക്കളും സുഹൃത്തുക്കളും തയാറാകുമോ’ എന്നൊരു ചോദ്യവും ലേഖനത്തിന്റെ അവസാനത്തിലുണ്ട്. മൗദൂദിയുടെ ചിന്തകളിൽ എത്രമാത്രം വ്യതിയാനമുണ്ട് എന്ന് മുകളിലുദ്ധരിച്ച ഖറദാവിയുടെ വരികളിൽനിന്ന് വ്യക്തമായല്ലോ. എന്നാൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി സഹകരിക്കുന്നതിന്റെപേരിൽ ജമാഅത്ത് ആരിലും രാഷ്ട്രീയ ശിർക്ക് ആരോപിച്ചിട്ടില്ല. ജീവിതത്തിലുടനീളം അല്ലാഹുവിന്റെ നിയമ നിർദേശങ്ങൾ പിൻപറ്റണമെന്നും അവക്ക് വിപരീതമായി ഏതെങ്കിലും മേഖലകളിൽ, അത് സാമ്പത്തികമാകട്ടെ, രാഷ്ട്രീയമാകട്ടെ, സാമൂഹികമാകട്ടെ, മനുഷ്യ നിർമിത നിയമങ്ങൾ മാത്രം മതി, അവയാണ് പുരോഗമനപരവും പ്രായോഗികവുമെന്ന് വിശ്വസിക്കുന്നത് ശിർക്കാണെന്നുമുള്ള കാര്യത്തിൽ ജമാഅത്തെ ഇസ്‌ലാമിക്ക് സംശയമില്ല. ദൗർഭാഗ്യവശാൽ മുജാഹിദുകളുടെയും മറ്റും പ്രചണ്ഡമായ പ്രചാരണം, ദീനിനെ സംബന്ധിച്ചുള്ള സങ്കൽപം, അത് കേവലം ആത്മീയവും ആരാധനാപരവുമായ മേഖലകളിൽ പരിമിതമാണെന്നത്രെ. അതുകാരണം രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക മേഖലകളിൽ അല്ലാഹുവിന്റെ നിയമങ്ങൾ പിന്തുടരാൻ ബാധ്യസ്ഥരാണെന്ന ബോധം മുസ്‌ലിംകൾക്കിടയിൽ ഇല്ലാതായി. ഇസ്‌ലാമിനെ ജീവിതത്തിന്റെ പൊതുമേഖലകളിൽനിന്ന് തുടച്ചുനീക്കാനുള്ള ശത്രുക്കളുടെ ശ്രമങ്ങൾക്കാണ് അവർ ശക്തിപകരുന്നത്. ഇത് സ്വന്തം വിശ്വാസ പ്രമാണങ്ങൾക്കും അടിസ്ഥാന ഗ്രന്ഥങ്ങൾക്കും എത്രകണ്ട് യോജിക്കുമെന്ന് ഒന്നുകൂടി ചിന്തിക്കുന്നത് നന്നായിരിക്കും.

‘രാഷ്ട്രീയ ശിർക്ക്’ എന്ന് പറഞ്ഞ് ജമാഅത്തിനെ പരിഹസിക്കുന്നവർ, സലഫികളുടെ അഖീദാ ഗ്രന്ഥങ്ങളിൽ അതിനെ ‘ശിർക്കുത്ത്വാഅത്ത്’ (അനുസരണ ശിർക്ക്) എന്നാണ് വിശേഷിപ്പിച്ചത് എന്നോർക്കുന്നത് നന്ന്. മുഹമ്മദ്ബ്നു അബ്ദിൽവഹാബിന്റെ ‘മജ്മൂഅത്തുത്തൗഹീദി’ലെ ഒരു ശീർഷകം തന്നെ ‘അല്ലാഹു അനുവദിച്ചത് നിഷിദ്ധമാക്കുന്നതിലും അവൻ നിഷിദ്ധമാക്കിയത് അനുവദനീയമാക്കുന്നതിലും പണ്ഡിതന്മാരെയും ഭരണാധികാരികളെയും അനുസരിക്കുന്നവൻ അവരെ ദൈവങ്ങളാക്കി’ എന്നാണ്. അപ്പോൾ മന്ത്രിച്ചൂതുന്നതും, ഐക്കല്ല് കെട്ടുന്നതും, ഖബ്ർ പൊക്കുന്നതും മാത്രമല്ല ശിർക്കെന്ന് വ്യക്തമല്ലേ? ■